# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 371 — 27.02.2017 — ൽ മറുപടിക്ക്

## റേഷൻ വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ. രാജൻ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ കടകളിലെത്തുന്ന ഭക്ഷ്യസാധനങ്ങൾ യഥാസമയം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | റേഷൻ സാധനങ്ങളുടെ പ്രതിമാസ വിതരണതോത്, വിലവിവരം എന്നിവ എല്ലാ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും പരസ്യപ്പെടുത്തുകയും പത്ര മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ഈ വിവരങ്ങൾ ലഭ്യമാണ്. |
| (ബി) റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; <br><br> (സി) പ്രസ്തുത പരാതികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) & (സി) | നിലവിൽ റേഷനിംഗ് കൺട്രോളർ, വിജിലൻസ് ഓഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരടങ്ങിയ സ്ഥിരം മോണിറ്ററിംഗ് സംവിധാനത്തിന് പുറമേ സ്പെഷ്യൽ സ്ക്വാഡ്, ഷാഡോ ടീം തുടങ്ങിയ പ്രത്യേക മോണിറ്ററിംഗ് ടീമുകളും റേഷൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വരുന്നു. റേഷൻ വിതരണ രംഗത്തെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ല/താലൂക്ക്/ പഞ്ചായത്ത് തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന ജില്ലാ തല പരാതി പരിഹാര ഓഫീസർമാരായി എല്ലാ ജില്ലയിലും അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് ഫുഡ് കമ്മീഷന്റെ ചുമതല നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ